# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 10 2021



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

## സന്നിധാനത്ത് സ്ക്വാഡ് പ്രവർത്തനം ഊർജിതം; 15,000 രൂപ പിഴ ചുമത്തി

ശബരിമല സന്നിധാനത്ത് വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക സ്ക്വാഡ് നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കെ ത്തുകയും വീഴ്ച വരുത്തിയവർക്ക് 15,000 രൂപ പിഴ ചുമത്തുകയും ചെയ്തു. ദേവസ്വം ബോർഡ് നൽകിയിട്ടുള്ള കുത്തകയ്ക്ക് വിരുദ്ധമായോ, അളവ് തൂക്കങ്ങൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുന്ന കടകൾക്കെതിരെ കർശന നടപടിയെടുക്കുമെന്നും വരും ദിവസങ്ങളിലും പരിശോധന തുടരുമെന്നും സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് ആർ. സുമീതൻ പിള്ള പറഞ്ഞു.

സന്നിധാനം മുതൽ ചരൽമേട് വരെയുള്ള 17 കടകളിലാണ് പ്രത്യേക സ്ക്വാഡ് പരിശോധന നടത്തിയത്. വിവിധ ക്രമക്കേടുകളിൽ അഞ്ച് കേസെടുത്തു. മൂന്ന് എണ്ണത്തിൽ അളവ് തൂക്ക കൃത്രിമത്തിന് പിഴ ചുമത്തി.

എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരായ കെ. സുനിൽകുമാർ, എം.കെ. അജികുമാർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരായ എ .സി സന്ദീപ്

നാരായണൻകുട്ടി, വില്ലേജ് ഓഫീസർ പ്രദീപ് .എം ഹെൽത്ത് ഇൻസ്പെക്ടർ അജയ്കുമാർ, റേഷനിംഗ് ഇൻസ്പെക്ടർ ആർ. രാജേഷ് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറുപ്പ്**
പ്രത്യേക സ്ക്വാഡ് ശബരിമല സന്നിധാനത്തെ വ്യാപാര സ്ഥാപനത്തിൽ പരിശോധന നടത്തുന്നു

**(പി.ആർ. ശബരി-125)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.